(സി) പദ്ധതിയുടെ ഭാഗമായി നാളിതുവരെ വന്നിട്ടുള്ള ചെലവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ക്രമ നമ്പർ	സ്കീം	തുക (കോടിയിൽ)
1	കേന്ദ്ര സ്കീം	141.86
2	സംസ്ഥാന സ്കീം	1.51
3	യു.എൽ.ബി. സ്കീം	1.01
	ആകെ	144.38

(ഡി) കാലാവധി തീരാൻ കുറച്ച് മാസങ്ങൾ മാത്രം അവശേഷിച്ചിരിക്കെ പദ്ധതിയുടെ മെല്ലെപ്പോക്ക് ഗൗരവമായി കാണുമോ; ആയതിനുള്ള പരിഹാരം കണ്ടെത്തുമോ; വ്യക്തമാക്കാമോ?

പദ്ധതി കാലയളവ് 2023 ജൂൺ വരെയാണ്. കോവിഡ് വ്യാപനം പദ്ധതിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി കരാർ ഏറ്റെടുത്ത എല്ലാ കമ്പനികളെയും ഉൾപ്പെടുത്തി രണ്ടാഴ്ച കൂടുമ്പോൾ മിഷൻ സി.ഇ.ഒ. തലത്തിൽ പദ്ധതി അവലോകനം നടത്തുന്നുണ്ട്. കോർപ്പറേഷൻ തലത്തിലും പദ്ധതിയുടെ നടത്തിപ്പും പുരോഗതിയും കൃത്യമായി വിശകലനം ചെയ്യുന്നുണ്ട്. മിഷൻ സി.ഇ.ഒ-യും സ്മാർട്ട്സിറ്റി ഉദ്യോഗസ്ഥരും പദ്ധതി കൺസൾട്ടന്റും പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും പദ്ധതി പുരോഗതി വിലയിരുത്തൽ യോഗങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

കെട്ടിട നികുതി മുൻകൂറായി അടയ്ക്കുന്നവർക്ക് പ്രത്യേക ആനുകൂല്യം

320 (3348) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി നിശ്ചയിക്കുന്നതിനും ഈടാക്കുന്നതിനും നിലവിലുള്ള വ്യവസ്ഥ എന്താണ്; ഈ നിയമം പുതുക്കി ഉത്തരവായത് എന്നാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203, കേരള മുനിസിപ്പാലിറ്റി ആക്ടിലെ 233 എന്നീ വകുപ്പുകളിലെയും ഈ വകുപ്പുകൾക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള 2011-ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി നിശ്ചയിക്കുകയും ഈടാക്കുകയും ചെയ്യുന്നത്. 2011-ലാണ് ഇത് പുതുക്കി ഉത്തരവായതെങ്കിലും നടപ്പിലാക്കിയത് 1-4-2013 മുതലാണ്.

(ബി) പ്രതിവർഷം കെട്ടിടനികുതി എത്ര തവണയാണ് ഈടാക്കുന്നതെന്നും നികുതി മുൻകൂറായി അടയ്ക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേക ആനുകൂല്യം അനുവദിക്കാറുണ്ടോ എന്നും വിശദമാക്കുമോ?

പ്രതിവർഷം കെട്ടിട നികുതി രണ്ട് അർദ്ധ വാർഷിക തവണകളായാണ് ഈടാക്കുന്നത്. നികുതി മുൻകൂറായി അടയ്ക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേക ആനുകൂല്യം അനുവദിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ല.

(സി) ഒരു വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ള നികുതിയുടെ ആദ്യ ടേം നിശ്ചയിച്ച തീയതിക്കകം അടയ്ക്കാൻ സാധിക്കാത്ത വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇത് പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ?

ഉണ്ട്. പുനഃപരിശോധിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) ഒരു വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ള നികുതി മുൻകൂറായി അടയ്ക്കുന്നവർക്ക് പ്രോത്സാഹനമായി ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

321 (3349) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എൻ. കെ. അക്ബർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സാധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?